ഉത്തരം

(എ) എറണാകുളം-മുളന്തുരുത്തി സെക്ഷൻ പൂർത്തീകരിച്ചു കഴിഞ്ഞു. കായംകുളം-മാവേലിക്കര സെക്ഷൻ കമ്മീഷൻ നടപടികൾ പൂർത്തീകരിച്ചുവരുന്നു. മാവേലിക്കര-ചെങ്ങന്നൂർ പാത ഇരട്ടിപ്പിക്കൽ നടപടി പുരോഗതിയിലാണ്.

(ബി) കോട്ടയം ജില്ലയിൽ മുളന്തുരുത്തി ചെങ്ങന്നൂർ പാത ഇരട്ടിപ്പിക്കലിന്റെ സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല.

(സി) റവന്യൂ അധികാരികളും റെയിൽവേ ഉദ്യോഗസ്ഥരും തമ്മിലുള്ള ഏകോപനത്തിന്റെ അഭാവമാണ് ഇതിനുകാരണം.

(ഡി) ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

കേരളത്തിലെ റെയിൽവേ സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതി

269 (1997) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എത്ര റെയിൽവേ സ്റ്റേഷനുകളാണ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുമെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചത് ;

(ബി) ഇത് സംബന്ധിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രോജക്ടുകൾ അംഗീകരിച്ച് ടെണ്ടർ ചെയ്തതായി റെയിൽ മന്ത്രാലയം അറിയിച്ചിട്ടുണ്ടോ ?

ഉത്തരം

(എ-സി) ഇതുസംബന്ധിച്ച നടപടികൾ ആരംഭിച്ചതായി അറിവില്ല.

ആളൂർ റെയിൽവേ മേൽപ്പാലം പണി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ

270 (1998) ശ്രീ. എ. കെ. ചന്ദ്രൻ : നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിലെ ആളൂർ റെയിൽവേ മേൽപ്പാലം പണി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ;

(ബി) ബഡ്ജറ്റിൽ പരാമർശിച്ചിട്ടുള്ള പ്രസ്തുത പാലംപണി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ആളൂർ റെയിൽവേ മേൽപ്പാലം പണി ആരംഭിക്കുന്നതിന് തടസ്സങ്ങൾ ഒന്നും നിലവില്ല. സ്ഥലമെടുപ്പിനുള്ള നടപടിക്രമങ്ങൾ ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ നടന്നുവരികയാണ്. സ്ഥലമെടുപ്പ് പൂർത്തിയായാൽ ഉടനെ തന്നെ ടെണ്ടർ ക്ഷണിച്ച് പണികൾ ആരംഭിക്കാവുന്നതാണ്.

നെടുവത്തൂർ മണ്ഡലം അതിർത്തിയിലുള്ള റെയിൽവേ തരിശുഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടി

271 (1999) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം-പുനലൂർ റെയിൽവേ ഗേജുമാറ്റവുമായി ബന്ധപ്പെട്ട് നെടുവത്തൂർ മണ്ഡലം അതിർത്തിയിൽ വിവിധ സ്ഥലങ്ങളിൽ ഹെക്ടർ കണക്കിന് റെയിൽവേ ഭൂമി തരിശായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിരവധി സർക്കാർ ഓഫീസുകൾക്കും മറ്റു വികസന പ്രവർത്തനങ്ങൾക്കും ഭൂമി ലഭിക്കാത്ത സാഹചര്യത്തിൽ ഇതിനായി ഇത്തരം ഭൂമി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സതേൺ റയിൽവേ അധികൃതരുമായി ചർച്ച ചെയ്യുന്നതാണ്.

എറണാകുളം-കായംകുളം തീരദേശപാത വഴിയുള്ള പാസഞ്ചർ ട്രെയിനുകളിലെ അപര്യാപ്തത

272 (2000) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം-കായംകുളം തീരദേശപാത വഴിയുള്ള പാസഞ്ചർ ട്രെയിനുകളിലെ അപര്യാപ്തതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിഹരിക്കുവാൻ വേണ്ട നടപടി കൈക്കൊള്ളുമോ ;

(സി) ദീർഘദൂര ട്രെയിനുകളിലെ തിരക്ക് ഒരു പരിധിവരെ കുറയ്ക്കാൻ സഹായിക്കുന്നതിനാൽ പ്രസ്തുത ട്രെയിനുകളിലെ അപര്യാപ്തതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കേന്ദ്ര റെയിൽ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly